**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2833** **06-10-2025 - ൽ മറുപടിയ്ക്ക്**

**ദേവസ്വം വസ്തുവകകൾ സർക്കാർ ഏറ്റെടുത്തതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം വസ്തുവകകൾ സർക്കാർ ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരമായി പ്രതിവർഷം സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചിരുന്ന തുക പത്ത് കോടിയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഇപ്രകാരം പ്രഖ്യാപിച്ചത് എന്നാണെന്നും അറിയിക്കാമോ; | (എ) | സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രതിവർഷം Annual Contribution ആയി അനുവദിച്ചു വരുന്നത് 80 ലക്ഷം രൂപയാണ്. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 339 പ്രകാരം 10 കോടി രൂപ Annual Contribution ഇനത്തിൽ സ്പെഷ്യൽ ആയി അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. |
| (ബി) | പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ വിതരണം ചെയ്ത തുകയുടെ വിശദാംശം ലഭ്യമാക്കാമോ; തുക അനുവദിച്ച് നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രഖ്യാപനം കൂടി കണക്കിലെടുത്ത് പ്രളയ കോവിഡാനന്തര പ്രതിസന്ധി പരിഹരിക്കുന്നതിന് G.O.(Rt) No.7104/2021/Fin തീയതി 2-11-2021 പ്രകാരം ധനവകുപ്പ് അംഗീകാരം നൽകിയതിന്റെ വെളിച്ചത്തിൽ G.O.(Rt) No.4010/2021/Rev തീയതി 20-11-2021 പ്രകാരം 10 കോടി രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചതാണ്. പ്രസ്തുത സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനു സ്പെഷ്യലായി പ്രഖ്യാപിച്ച വാർഷിക കോൺട്രിബ്യൂഷൻ അനുവദിക്കുകയുണ്ടായില്ല. ഇതുകൂടാതെ സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 130 കോടി രൂപ കൂടി പ്രളയ കോവിഡാനന്തര പ്രതിസന്ധി പരിഹരിക്കുന്നതിന് അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | ദേവസ്വം വസ്തുവകകൾ സർക്കാർ ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരമായി നിലവിൽ അനുവദിച്ചുകൊണ്ടിരുന്ന എൺപത് ലക്ഷം രൂപ സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകുന്നുണ്ടോ; നിലവിൽ എത്ര വർഷത്തെ കുടിശികയുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രതിവർഷം Annual Contribution ആയി 80 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചു നല്കുന്നുണ്ട്. 2024-2025 വർഷം വകയിരുത്തിയ 80 ലക്ഷം രൂപയിൽ നിന്നും 44 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. നിലവിലെ കുടിശ്ശിക തുക (2021-22 വർഷത്തെ 80 ലക്ഷം, 2023-24 വർഷത്തെ 64 ലക്ഷം, 2024-25 വർഷത്തെ 36 ലക്ഷം രൂപ) അനുവദിക്കുന്ന വിഷയം സംബന്ധിച്ച് ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ